"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- നഗരകാര്യം- കൊല്ലം നഗരസഭയിലെ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സായ ശ്രീമതി.ഷീജ.എസ്- പലിശരഹിത മെഡിക്കൽ അഡ്വാൻസ് അനുവദിച്ച നടപടിക്ക് സാധൂകരണം നൽകി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്

സ.ഉ.(സാധാ) നം.155/2021/ത.സ്വ.ഭ.വ തീയതി, തിരുവനന്തപുരം, 20/01/2021

പരാമർശം:- 1 21.03.2019 തീയതിയിലെ സ.ഉ.(സാധ) നം. 679/2019/തസ്വഭവ.

2 05.03.2019 തീയതിയിലെ 11-ാം നമ്പർ കൗൺസിൽ തീരുമാനം.

3 നഗരകാര്യഡയറക്ടറുടെ 19.10.2019തീയതിയിലെ ഡിസി1-13684/2019 നമ്പർ കത്ത്.

ഉത്തരവ്

കൊല്ലം നഗരസഭയിൽ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി.ഷീജ എസ് തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്ററിൽ ചികിത്സ നടത്തുന്നതിന് അഞ്ച് ലക്ഷം രൂപ പലിശരഹിത വായ്പയായി അനുവദിക്കുന്നതിന് എക്സ്പെൻഡിച്ചർ സർട്ടിഫിക്കറ്റ് സഹിതം അപേക്ഷിച്ചതിന്റെ അടിസ്ഥാനത്തിൽ അടിയന്തിര സാഹചര്യം പരിഗണിച്ച് പരാമർശം 2 പ്രകാരമുള്ള നഗരസഭാ കൗൺസിൽ അംഗീകാരത്തോടെ 3,75,000/- രൂപ (മൂന്ന് ലക്ഷത്തി എഴുപത്തി അയ്യായിരം രൂപ മാത്രം) നഗരസഭാ ഫണ്ടിൽ നിന്നും അനുവദിച്ച് നൽകിയതായും ടി നടപടിക്ക് സാധൂകരണം നൽകുന്നതിനായി അപേക്ഷയും അനുബന്ധരേഖകളും നഗരകാര്യഡയറക്ടർ പരാമർശം 3 കത്ത് പ്രകാരം സമർപ്പിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൊല്ലം നഗരസഭയിലെ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി.ഷീജ എസ്-ന് തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്ററിൽ ചികിത്സയ്ക്ക് ചെലവായ തുകയിൽ 3,75,000/-രൂപ (മൂന്ന് ലക്ഷത്തി എഴുപത്തി അയ്യായിരം രൂപ മാത്രം) പലിശരഹിത വായ്പയായി നഗരസഭാ ഫണ്ടിൽനിന്നും മുൻകൂറായി അനുവദിച്ച് നൽകിയ നടപടിയ്ക്ക്, ഇപ്രകാരം മുൻകൂറായി അനുവദിച്ച തുക നിശ്ചിത സമയ പരിധിക്കുള്ളിൽ തന്നെ മെഡിയ്ക്കൽ റീ ഇമ്പേഴ്സ്മെന്റ് ക്ലെയിമിൽ അഡ്ജസ്റ്റ് ചെയ്യണമെന്നും ചെലവഴിക്കാത്ത തുകയുണ്ടെങ്കിൽ തിരിച്ചടയ്ക്കണമെന്ന വ്യവസ്ഥയിൽ, സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**രമണി മാത്യൂ**
**അഡിഷണൽ സെക്രട്ടറി**

പകർപ്പ്

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

ശ്രീമതി.ഷീജ എസ്, ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ്, കൊല്ലം നഗരസഭ
(നഗരകാര്യ ഡയറക്ടർ മുഖേന)
സെക്രട്ടറി, കൊല്ലം നഗരസഭ (നഗരകാര്യ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ